*(അനുസ്മരണം തുടർച്ച...)*

ഒരെണ്ണം മാത്രം പറയാം.

"ഞാൻ നിന്നെ ജാതികൾക്ക് ഒരു പ്രകാശമാക്കി വച്ചിരിക്കുന്നു. ജാതികൾ നിന്റെ പ്രകാശത്തിലേക്കും, രാജാക്കൻമാർ നിന്റെ ഉദയശോഭയിലേക്കും വരും" എന്ന്.

ദൈവംതമ്പുരാൻ തിരുമേനിയെ ഉത്തരഭാരതത്തിലെ ഇരുളടഞ്ഞഗ്രാമങ്ങളുടെ ഉദ്ധാരണത്തിനായി അയച്ചു. വിദ്യാവിഹീനരായിരുന്ന ആ ഗ്രാമനിവാസികൾക്കെല്ലാം വിദ്യാഭ്യാസ സൗകര്യത്തിനായി 26 വിവിധ വിദ്യാലയങ്ങൾ പലേടത്തായി സ്ഥാപിച്ചു. കൂടാതെ ഒരു എഞ്ചിനീയറിങ് കോളേജും ഒരു ആർട്സ് കോളേജും സ്ഥാപിച്ചു. മറുനാട്ടിൽ ഒരു വൈദിക സെമിനാരി എന്നുള്ള വിശാല ചിന്തയിൽ, ഒരു വൈദിക സെമിനാരി നാഗപ്പൂരിൽ സ്ഥാപിച്ചു. ഈ വിദ്യാഭ്യാസസ്ഥാപനങ്ങളിൽ കുട്ടികളെ ചേർക്കുന്നതിനോ, അധ്യാപകരെ നിയമിക്കുന്നതിനോ യാതൊരു donation-ഉം വാങ്ങിച്ചിട്ടില്ല. ഗ്രാമവാസികൾക്ക് സൗജന്യമായി വൈദ്യസഹായം നല്കി. യാത്രാ സൗകര്യം ഇല്ലാത്ത ഗ്രാമങ്ങളിലേക്ക് കാൽനടയായോ, കാളവണ്ടിയിലോ, സൈക്കിളിലോ യാത്രചെയ്ത് ആ ഗ്രാമവാസികളുടെ ക്ഷേമം, ക്രമമായി തിരുമേനി അന്വേഷിച്ചുകൊണ്ടിരുന്നു. തിരുമേനിയുടെ ഇത്തരത്തിലുള്ള ശ്രേഷ്ഠമായ പ്രവർത്തനങ്ങളെ കണ്ടിട്ട്, ആ നാട്ടിലെ അക്രൈസ്തവരും, വർഗ്ഗീയവാദികളും, ശത്രുക്കളും തിരുമേനിയെ ബഡാബാബ എന്ന് വിളിച്ച് ബഹുമാനിപ്പാനും, ആരാധിപ്പാനും തുടങ്ങി.

ഉത്തരഭാരതത്തിലെ അന്യസംസ്ഥാനങ്ങളിലെ മുഖ്യമന്ത്രിമാർ പോലും, തിരുമേനിയെ വന്നു കണ്ട്, അവരുടെ സംസ്ഥാനങ്ങളിലേക്ക് അവിടത്തെ ഗ്രാമങ്ങളുടെ ഉദ്ധാരണത്തിനായി വരണമേ എന്ന് അപേക്ഷിച്ചുകൊണ്ടിരുന്നു.

"ഞാൻ കാലയവനികയ്ക്കുള്ളിലേക്ക് പ്രവേശിക്കുന്നതിനു മുമ്പ് എന്നെത്തന്നെ പരിപൂർണ്ണമായി സ്വയം വ്യയം ചെയ്യപ്പെട്ടിരിക്കണം" എന്നുള്ളതായിരുന്നു തിരുമേനിയുടെ പ്രമാണം.

മലങ്കര സഭയ്ക്കു ദൈവദാനമായി ലഭിച്ച അതിവിശിഷ്ടമായ ഒരു മാണിക്യക്കല്ലായിരുന്നു തിരുമേനി.

Thirumeni died as nobly as he lived.

# ഇടയ സന്ദേശം

## മലങ്കര ഓർത്തഡോക്സ് സഭയിൽ മിഷൻ പ്രവർത്തനത്തിന് ഇന്നുള്ള പ്രസക്തി

(സ്തേപ്പാനോസ് മാർ തേവോദോസിയോസ് തിരുമേനി കാലം ചെയ്യുന്നതിനു മുമ്പ് കഴിഞ്ഞ ലക്കത്തിൽ പ്രസിദ്ധീകരിച്ച ഇടയ സന്ദേശത്തിന്റ തുടർച്ച)

ഭിലായ് മിഷൻ ജൂലൈ 3-1972-ൽ ഭിലായിൽ സ്ഥാപിതമായി. അന്ന് Bahrain പള്ളി വികാരിയായിരുന്ന ലേഖകൻ അതിന്റെ ഡയറക്ടർ ആയി നിയമിക്കപ്പെട്ടു. സഭയിൽനിന്ന് ദൈവാശ്രയമുള്ള യുവതീയുവാക്കളെ സംഘടിപ്പിച്ച് ആശ്രമവും, കോൺവെന്റും സ്ഥാപിച്ച് ഇതരസഭാവിഭാഗങ്ങളെപ്പോലെ മിഷൻ പ്രവർത്തനങ്ങൾ നടത്താനാണ് പരിശ്രമിച്ചത്. അതിനായി നടത്തിയ ആഹ്വാനങ്ങളെല്ലാം ഫലശൂന്യങ്ങളായി കാണപ്പെട്ടു. സ്വതന്ത്രഭാരതത്തിൽ ലോകത്തിലെ ഏറ്റവും കൂടുതൽ പട്ടിണിപ്പാവങ്ങളും വിദ്യാവിഹീനരുമുള്ളതിനാൽ അവരുടെ ഉന്നമനത്തിനായി സേവനമനുഷ്ടിക്കേണ്ടത് 2000 കൊല്ലം ഈ മണ്ണിൽ ജീവിച്ച സഭയുടെ ഒഴിച്ചുകൂടാൻ പാടില്ലാത്ത കർത്തവ്യമാണെന്നുള്ള അവബോധം സഭാംഗങ്ങൾക്ക് ലഭ്യമാക്കാൻ സഭയ്ക്ക് സാധിക്കാതെ പോയി എന്നതാണ് ഈ പ്രതിഭാസത്തിന് കാരണമെന്ന് ബോധ്യപ്പെട്ടപ്പോൾ നിരാശനാകാതെ ദൈവാശ്രയത്തിൽ മുന്നോട്ടുപോകാൻ ആഗ്രഹിച്ചു. ആളും അർത്ഥവുമില്ലായിരുന്നെങ്കിലും മലങ്കര സഭ മുന്നോട്ടിറങ്ങിയാൽ തോമാശ്ലീഹയെ ഇങ്ങോട്ടയച്ച കർത്താവ് അവരിൽ കൂടി അത്ഭുതങ്ങൾ ഇന്നു പ്രവർത്തിക്കുമെന്ന് ഭിലായ് മിഷന്റെ പ്രവർത്തനങ്ങളിൽ കൂടി തമ്പുരാൻ സഭയ്ക്ക് നിർദ്ദേശം നൽകുന്നുണ്ടെന്ന് ഞാൻ വിശ്വസിക്കുന്നു.

കൂടുതൽ പ്രവർത്തകരുണ്ടായിരുന്നെങ്കിൽ ഭിലായ് മിഷൻ പ്രവർത്തനങ്ങൾ വളരെയേറെ ദേശങ്ങളിലേക്ക് ഇതിനോടകം വ്യാപിക്കുമായിരുന്നു. അതിനായുള്ള പരിശ്രമം തുടരുകയാണ്. രണ്ടു പുതിയ പ്രൊജക്ടുകൾ അതിനായി രൂപംകൊള്ളുന്നു. ഇതേ സംബന്ധിച്ച് പ. ബാവാതിരുമേനി കഴിഞ്ഞ മാസങ്ങളിൽ സഭയിലെ എല്ലാ പള്ളികൾക്കും ഒരു കല്പന അയച്ചത് നിങ്ങൾ പള്ളിയിൽ വായിച്ചു കേട്ടുകാണും. മക്കോഡിയായിൽ ഒരു മിഷൻ ട്രെയ്നിംഗ് സെന്ററും, പാത്താമുട്ടത്തും, ഭിലായിലുമായി ഉന്നതവിദ്യാഭ്യാസം നൽകി ഉത്തരഭാരതമിഷൻ പ്രവർത്തനത്തിന് പരിശീലിപ്പിക്കുന്ന ഒരു പുതിയ Convent Sisterhood-ഉം.

ഈ സംരഭങ്ങളുടെ വിജയത്തിന് ഏവരുടേയും പ്രാർത്ഥനയും സഹകരണവും അഭ്യർത്ഥിക്കുന്നു.

1. **ഭിലായ് മിഷന്റെ പ്രവർത്തനമേഖലകളും, പ്രവർത്തനങ്ങളും.**

   a) Bhilai, Makodiya, Samat Piparia (Jabalpur), Bastar, Chanrapur, Bokaro, Sarni

   b) Women and Children Welfare, Balwadis, Tailoring Taining Centres, Clinics, Medical Camps, awareness building classes, Self help groups, Prisoners rehabilitation (Electrical, Electronics, Computer, Lab-technician courses and Tailoring Classes for women prisoners are taught printing tech. for beginners in Printing press given.

2. EDUCATIONAL INSTITUTIONS RUN BY THE BHILAI MISSION

   a) M.P. Christian College of Engineering and Technology.

   b) St. Thomas under graduate & post graduate and research college.

   c) B.Ed. Training College.

   d) Higher Secondary Schools (17 nos.)

   e) High Schools (8 nos.)

   f) Nursery Schools (25 nos.)

# ഓർമ്മയ്ക്കായ്

ഞങ്ങളുടെ റെജിമോൾ ഞങ്ങളെ വിട്ടുപോയിട്ട് ആറുവർഷം തികഞ്ഞദിവസം. മോളുടെ കല്ലറയ്ക്കൽ പോയി പ്രാർത്ഥിക്കുവാൻ ഒരുങ്ങുമ്പോൾ പതിവില്ലാതെ ടൈംപീസിൽ അലാറം അടിച്ചു. അലാറം നിർത്തിയപ്പോഴാണ് ഒരുകാര്യമോർത്തത്. ആ ചെറിയ ഡിജിറ്റൽ ടൈംപീസ് മോൾ മരിക്കുന്നതിന് മുമ്പ് ഞങ്ങൾക്ക് സമ്മാനമായി കൊണ്ടുവന്നതായിരുന്നു. ദിവസവും അതിരാവിലെ എഴുന്നേൽക്കുന്ന ഞങ്ങൾക്ക് കൃത്യസമയത്ത് അടിക്കുന്ന ആ ടൈംപീസ് വളരെ ഉപകാരപ്രദമായിരുന്നു. റെജിമോളു പോയി കുറച്ചുനാൾക്കകം ടൈംപീസും കേടായി. അതു നന്നാക്കാൻ പലയിടത്തു ശ്രമിച്ചിട്ടും 'ഡിജിറ്റൽ ആയതിനാൽ എടുത്തുകളഞ്ഞാൽ മതി' എന്ന മറുപടിയാണ് ലഭിച്ചത്. ടൈംപീസ് കേടായെങ്കിലും മോളുകൊണ്ടുവന്നതായതുകൊണ്ട് ഞങ്ങൾ അത് ഓർമ്മക്കായി വീട്ടിൽ സൂക്ഷിച്ചു. സമയം കൃത്യമായി കാണിച്ചിരുന്നെങ്കിലും സമയം നോക്കാൻ ഞങ്ങൾ അതുപയോഗിച്ചിരുന്നില്ല. അലാറത്തിനായി വേറെ ടൈംപീസ് വാങ്ങുകയും ചെയ്തു.

അങ്ങനെയിരുന്നപ്പോഴാണ് കേടായി നാലഞ്ചുവർഷം കഴിഞ്ഞ്, അതു സമ്മാനമായി കൊണ്ടുവന്ന മോളുടെ ചരമവാർഷികത്തിന് കൃത്യമായി അലാറം അടിച്ചത്. ഇപ്പോൾ ടൈംപീസ് ശരിയായി പ്രവർത്തിക്കുന്നുമുണ്ട്. റെജിമോൾ ദൈവത്തോടുകൂടി ജീവിക്കുന്നു എന്നതിന് ഈ സംഭവവും ഒരടയാളമായി ഞങ്ങൾ കാണുന്നു.

*മേഴ്സി ജോർജ്ജ്*





**ധ്യാന നിമിഷങ്ങൾ**



# പ്രാർത്ഥനയിൽ ഉറ്റിരിപ്പിൻ (റോമ 12 : 13)

(ഫാദർ റ്റി. ജെ. ജോഷ്വാ)

പൗലോസ് ശ്ലീഹായുടെ ഈ പ്രബോധനം ഇന്നുള്ള നമ്മോടാണ്. കാരണം, നാമിന്ന് അവഗണിക്കുന്നതും അലസമായി എടുക്കുന്നതുമായ വിഷയമാണ് പ്രാർത്ഥന. വള്ളത്തിൽ ആൾ കൂടിയാൽ വല്യമ്മയെ എടുത്തു വെള്ളത്തിൽ ഇടുക എന്നൊരു ചൊല്ലുണ്ട്. പ്രാർത്ഥനയെ സംബന്ധിച്ച് ഇത് അന്വർത്ഥമാണ്.

ഇടവിടാതെ പ്രാർത്ഥിപ്പിൻ എന്നുള്ള ആഹ്വാനവും അപ്പോസ്തലൻ നൽകുന്നുണ്ട്. പ്രാർത്ഥന സജീവമാകണമെങ്കിൽ സാന്നിദ്ധ്യബോധം ഉറപ്പു വരുത്തണം. നമ്മെ സ്നേഹിക്കുകയും നമുക്കുവേണ്ടി കരുതുകയും ചെയ്യുന്ന പിതാവിന്റെ മുമ്പിലാണ് നാമെത്തിയിരിക്കുന്നത് എന്ന് ആദ്യമായി ഓർക്കണം. അതുകൊണ്ട് നാം ദൈവത്തെ സംബോധന ചെയ്യുന്നു അബ്ബാ, പിതാവേ! എന്ന്. യഹൂദൻമാർ ഒരിക്കലും ദൈവത്തെ അബ്ബാ എന്നു സംബോധന ചെയ്യാറില്ല. കാരണം അത് മാനുഷിക പിതാക്കന്മാരെ അഭിസംബോധന ചെയ്യുന്ന പദമാണ്. അത്ര അടുപ്പവും (intimacy) ഉടപ്പവും അഗമ്യതേജോമയനും സർവ്വ നിയന്താവുമായ ദൈവത്തോടു സാധ്യമല്ല എന്നവർ ചിന്തിക്കുന്നു. എന്നാൽ യേശുകൃസ്തു നമ്മെ പഠിപ്പിച്ചത് ആ പദമുപയോഗിച്ച് ദൈവത്തെ സംബോധന ചെയ്യാനാണ്. നമുക്കു ലഭിച്ചിട്ടുള്ള വലിയ പദവിയാണ് സ്വർഗ്ഗീയപിതാവിനെ സമീപിക്കുക എന്നുള്ളത്.

നമ്മുടെ പ്രാർത്ഥനയിൽ വരേണ്ട ഒരു മുഖ്യഘടകമാണ് മദ്ധ്യസ്ഥപ്രാർത്ഥന. നാമിന്ന് ആ ചുമതല പരിശുദ്ധന്മാരെ ഏൽപിച്ചിരിക്കുന്നതുപോലെയുണ്ട്. മദ്ധ്യസ്ഥ പ്രാർത്ഥനയിൽ അനുഗ്രഹങ്ങൾ കൈവരുന്നു. അബ്രഹാം, യിസ്രായേൽ ജനത്തിനു വേണ്ടിയും, (ഉല്പ 18:23) ദാനിയേൽ പ്രവാസികളായ ജനത്തിനുവേണ്ടിയും (ദാനി 9:4), ഇയ്യോബ് തന്റെ സ്നേഹിതന്മാർക്കുവേണ്ടിയും (42:10) കർത്താവ് തന്റെ ശിഷ്യന്മാർക്കു വേണ്ടിയും പ്രാർത്ഥന നടത്തി.

അമേരിക്കയിലെ ഒരു സമ്പന്ന കുടുംബത്തിൽപ്പെട്ട ഇളയകുട്ടിയുടെ കാൽ കാറപകടത്തിൽ തകർന്നു. മിക്കവാറും മുറിച്ചുമാറ്റേണ്ടി വരുമെന്ന് ഡോക്ടർമാർ അഭിപ്രായപ്പെട്ടു. ആ കുട്ടിക്ക് അതൊരു വലിയ ആഘാതമായി. എന്നാൽ അവൻ ഒരു കാര്യം ചെയ്തു. അവന്റെ മാതാപിതാക്കളോടും മൂത്ത സഹോദരങ്ങളോടും ദൈവമുമ്പാകെ മുട്ടിപ്പായി പ്രാർത്ഥിക്കുക എന്നാവശ്യപ്പെട്ടു. അവന് പ്രാർത്ഥനയിൽ ഉറച്ച വിശ്വാസമുണ്ടായിരുന്നു. ആ രാത്രി മുഴുവൻ 'വിജിൽ' ആയി പ്രാർത്ഥനയിൽ ചെലവിട്ടു. അവരെല്ലാം അവന്റെ കിടക്കയുടെ ചുറ്റുമിരുന്നാണ് ജാഗരണപ്രാർത്ഥന നടത്തിയത്. കണ്ണുനീരോടുള്ള ഏകാഗ്രമായ പ്രാർത്ഥന! രാവിലെ ഡോക്ടർമാർ വന്നപ്പോൾ മുട്ടിൻമേൽ നിന്നു പ്രാർത്ഥിക്കുന്ന കുടുംബാംഗങ്ങളെയും അവരുടെ നടുവിൽ കൈകൾ കൂപ്പി കരഞ്ഞു പ്രാർത്ഥിക്കുന്ന ആ കുട്ടിയെയും കണ്ടു. അതുകണ്ട ഡോക്ടർമാർ പറഞ്ഞു. പ്രാർത്ഥനയ്ക്ക് അസാധ്യമായി ഒരു കാര്യവുമില്ല. ക്രമേണ ആ കുട്ടിയുടെ കാൽ സുഖമായി. മുറിച്ചു കളയേണ്ടിവന്നില്ല. ആ കുട്ടിയാണ് അമേരിക്കയുടെ പ്രസിഡണ്ടായിത്തീർന്ന ഐസൻഹോവർ. കർത്താവു വാഗ്ദാനം ചെയ്തു: "ഭൂമിയിൽവച്ച് നിങ്ങളിൽ രണ്ടുപേർ ഏതു കാര്യത്തിലെങ്കിലും ഐകമത്യപ്പെട്ടാൽ അതു സ്വർഗ്ഗസ്ഥനായ എന്റെ പിതാവിൽ നിന്ന് അവർക്കു ലഭിക്കും." (മത്താ 18 : 18)

രോഗസൗഖ്യം സാധ്യമാകുന്നു എന്നു മാത്രമല്ല പ്രാർത്ഥനയിൽകൂടി രോഗപ്രതിരോധ ശക്തിയും ലഭ്യമാണെന്ന് പരീക്ഷണങ്ങളിൽക്കൂടി തെളിയിക്കപ്പെട്ടിട്ടുണ്ട്. പ്രാർത്ഥനയിൽക്കൂടി കൈവരുന്ന മാനസിക സ്വസ്ഥതയും, ആന്തരിക സൗഖ്യവും മനുഷ്യശരീരത്തിലെ ഹോർമോണുകളിൽ പ്രവർത്തിച്ച് രോഗപ്രതിരോധശേഷി വർദ്ധിപ്പിക്കുന്നതാണ്.

**വികാരിയുടെ കത്ത്**

# വീണ്ടുമൊരു ക്രിസ്തുമസ്

ഡിസംബർ മാസം 25-ാം തീയതി, ലോക ക്രൈസ്തവ ജനത ഒരു ക്രിസ്മസ് കൂടെ ആഘോഷിക്കാൻ തയ്യാറെടുക്കുന്ന ഈ സന്ദർഭത്തിൽ യഥാർത്ഥ ക്രിസ്തുമസ് എന്താണ് എന്നു ചിന്തിക്കുന്നത് നന്നായിരിക്കും. ഇന്ന് അനേകരും പുൽക്കൂടുണ്ടാക്കുന്നതും, നക്ഷത്രവിളക്കു തൂക്കുന്നതും ക്രിസ്തുമസ് ട്രീ ഉണ്ടാക്കുന്നതും, സമ്മാനങ്ങൾ കൈമാറുന്നതും ആശംസാ കാർഡുകൾ അയക്കുന്നതും ക്രിസ്തുമസ് കേക്ക് ഒരുക്കുന്നതുമൊക്കെയാണ് ക്രിസ്തുമസ് എന്നു ചിന്തിക്കുന്നവർ ആണ്.

എന്നാൽ വിശുദ്ധ വേദപുസ്തകം പരിശോധിക്കുമ്പോൾ (ലൂക്കോ 2) ഔഗുസ്തോസ് കൈസറുടെ കാലത്ത് പേർവഴിചാർത്തണമെന്ന കല്പന ഉണ്ടാവുകയാൽ വി. കന്യാമറിയവും യോസേഫ് പിതാവും ഗലീലയിലെ നസറേത്തിൽ നിന്നും തങ്ങളുടെ പട്ടണമായ യഹൂദ്യായിലെ ബേദ്‌ലഹേമിലേക്ക് യാത്രതിരിച്ചു. പൂർണ്ണ ഗർഭിണിയായ മറിയക്ക് ബേദ്‌ലഹേം അടുത്തപ്പോൾ പ്രസവത്തിനുള്ള സമയമായി. യോസഫ് പലരോടും സഹായം അഭ്യർത്ഥിച്ചു കാണും. അവസാനം പല സത്രങ്ങളിലും തന്റെ ഭാര്യക്ക് പ്രസവക്കാലമായി അല്പം സ്ഥലം തരേണമെന്ന് അപേക്ഷിച്ചു. (ലൂക്കോ 2.7) അവർക്ക് വഴിയമ്പലത്തിൽ സ്ഥലമില്ലായ്കയാൽ ശീലയിൽപൊതിഞ്ഞ് കുഞ്ഞിനെ പശുത്തൊട്ടിയിൽ കിടത്തി. വഴിയമ്പലത്തിൽ പലർക്കും സ്ഥലമുണ്ട് എന്നാൽ യേശുവിനു ജനിപ്പാൻ സ്ഥലമില്ല. 'കുറുനരികൾക്ക് കുഴിയും, ആകാശത്തിലെ പറവകൾക്ക് കൂടും ഉണ്ട്. മനുഷ്യപുത്രന് തലചായ്ക്കാൻ ഇടമില്ല.' ഈ പ്രപഞ്ചത്തെ തന്റെ വാക്കിനാൽ നിർമ്മിച്ചു പരിപാലിക്കുന്ന വലിയവനായ യേശുവിന് ജനിപ്പാൻ സ്ഥലമില്ല. നമ്മുടെ ജീവിതത്തിലും മറ്റുപലതിനും സ്ഥലമുണ്ട്, സമയമുണ്ട്. യേശുവിനു പലപ്പോഴും സ്ഥലമില്ല. ദൂതന്മാരാരാധിക്കുന്ന, സ്രാപ്പികൾ ആരാധിക്കുന്ന, ആദ്യവും അന്തവുമില്ലാത്ത സർവ്വജ്ഞാനിയും, സർവ്വവ്യാപിയുമായ വലിയവനായ ദൈവമായ കർത്താവിനു കിടക്കാൻ പുൽത്തൊട്ടിയേ ഉണ്ടായിരുന്നുള്ളൂ. ഈ സമയത്ത് വെളിയിൽ ആട്ടിടയൻമാർക്ക് ദൂതൻ പ്രത്യക്ഷനായി. ഇങ്ങനെ അറിയിച്ചു. (ലൂക്ക് 2.10) ഭയപ്പെടേണ്ട, സർവ്വജനത്തിനുമുണ്ടാകുവാനുള്ള ഒരു മഹാസന്തോഷം ഞാൻ നിങ്ങളോടറിയിക്കുന്നു. കർത്താവായ ക്രിസ്തു ദാവീദിന്റെ പട്ടണത്തിൽ ജനിച്ചിരിക്കുന്നു. നിങ്ങൾക്ക് അടയാളമോ ശീലയിൽ പൊതിഞ്ഞ് പശുത്തൊട്ടിയിൽ കിടത്തിയിരിക്കുന്ന കുഞ്ഞിനെ നിങ്ങൾ കാണും. സ്വർഗ്ഗീയ മാലാഖമാർ പാടി (ലൂക്കോ 2.14) 'അത്യുന്നതങ്ങളിൽ ദൈവത്തിനു മഹത്വം ഭൂമിയിൽ ദൈവപ്രസാദമുള്ള മനുഷ്യർക്കു സമാധാനം'. പിതാവായ ദൈവം ലോകത്തിനു തന്ന വലിയ സമ്മാനമാണ് കർത്താവായ യേശു. ഈ സമ്മാനത്തെ മറ്റുള്ളവർക്കു കൊടുപ്പാൻ ഈ ക്രിസ്മസ്കാലം നമുക്കുൽസാഹിക്കാം. നമ്മുടെ ഹൃദയത്തിൽ യേശു ജനിക്കട്ടെ. സമാധാനമില്ലാതെ നെടുവീർപ്പിടുന്നവരുടെ ഹൃദയത്തിൽ സമാധാനത്തിന്റെ പ്രഭുവായ യേശുക്കുഞ്ഞു ജനിക്കട്ടെ.

*(ശേഷം പേജ് 4 ൽ)*





**പഠനക്കുറിപ്പുകൾ**

# മാമോദീസ

## (ജ്ഞാനസ്നാനം)

**ഫാ. ഷിബു കെ. ജോസ്**

മാമോദീസ എന്ന സുറിയാനി പദം ബാപ്റ്റോ എന്ന ഗ്രീക്ക് പദത്തിൽനിന്നും രൂപം പ്രാപിച്ചതാണ്. ബാപ്റ്റിസോ എന്നതും ഇതിനു സമാനമാണ്. മുങ്ങൽ, മുഴുകൽ, കഴുകൽ എന്നൊക്കെ ഇതിന് അർത്ഥമുണ്ട്.

ഒരു ഓർത്തഡോക്സ് വിശ്വാസി ആദ്യമായി സ്വീകരിക്കുന്ന കൂദാശ വി. മാമോദീസയാണ്. വി. മാമോദീസായിൽ കുട്ടി പരിശുദ്ധ റൂഹായെ പ്രാപിച്ച് ക്രിസ്തുവിന്റെ ശരീരമായ സഭയിൽ അംഗമാകുന്നു. അതിനോടു ചേർന്നുതന്നെ കർത്താവിന്റെ തിരുശരീര രക്തങ്ങൾ അനുഭവിച്ച് കർത്താവിനെ സ്വന്തമാക്കി രക്ഷിതാവായി സ്വീകരിക്കുന്നു. എന്റെ ശരീരം ഭക്ഷിക്കുകയും എന്റെ രക്തം പാനം ചെയ്യുകയും ചെയ്യുന്നവൻ ഞാൻ അവനിലും അവൻ എന്നിലും വസിക്കും എന്നുള്ള കർതൃവചനം വി. കുർബ്ബാന അനുഭവത്തിലൂടെ അന്വർത്ഥമാകുന്നു. ആദ്യ മാതാപിതാക്കളായ ആദവും ഹവ്വയും നഷ്ടപ്പെടുത്തിയതായ പ്രകാശവസ്ത്രം വി. മാമോദീസയാൽ നമുക്ക് തിരികെ ലഭിക്കുന്നു.

ആദ്യകാലങ്ങളിൽ ഉയർപ്പുപെരുന്നാളിനോടനുബന്ധിച്ചായിരുന്നു വി. മാമോദീസ നടത്തിയിരുന്നത്. ഇന്ന് അനുഷ്ഠിക്കുന്ന മാമോദീസക്രമം ക്രമാനുഗതമായി വളർന്ന് രൂപം പ്രാപിച്ചതാണ്. ഇത് അന്ത്യോഖ്യായിലെ വി. സേവേറിയോസ് (AD 538) ഗ്രീക്കിൽ എഴുതുകയും പിൽക്കാലത്ത് എഡേസയിലെ വി. യാക്കോബ് AD 708 ൽ സുറിയാനിയിലേക്ക് പരിഭാഷപ്പെടുത്തുകയും ചെയ്തതാണ്. 13-ാം നൂറ്റാണ്ടിൽ (AD 1286) പൗരസ്ത്യ കാതോലിക്കയായിരുന്ന ബാറെബ്രായ ഭേദഗതി ചെയ്ത ക്രമമാണ് ഇന്നു മലങ്കരയിലുള്ളത്. ഇന്നുള്ള ക്രമത്തിൽ മൂന്നു ഭാഗങ്ങളുണ്ട്. 1) മാമോദീസക്കുള്ള ഒരുക്കം 2) മാമോദീസ 3) വി. മൂറോനഭിഷേകം.

1. മാമോദീസക്കുള്ള ഒരുക്കം - ഇവിടെ പ്രധാനമായും നടക്കുന്നത് വിശ്വാസപ്രഖ്യാപനമാണ്. കുഞ്ഞിന്റെ മുഖം പടിഞ്ഞാറോട്ട് അഭിമുഖമായി പിടിച്ച് തലതൊടുന്ന ആൾ ഇടതുകൈകൊണ്ട് കുഞ്ഞിന്റെ ഇടതുകൈയ്യിൽ പിടിച്ച് പടിഞ്ഞാറോട്ട് നോക്കി അന്ധകാരശക്തിയായ പിശാചിനെയും സൈന്യങ്ങളെയും കുഞ്ഞിനുവേണ്ടി ഉപേക്ഷിക്കുന്നു. വീണ്ടും കുഞ്ഞിന്റെ മുഖം കിഴക്കോട്ടു തിരിച്ചുപിടിച്ച് വലതുകൈകൊണ്ട് കുഞ്ഞിന്റെ വലതുകൈയ്യിൽ പിടിച്ച് തലതൊടുന്ന ആൾ വലത്തേതിന്റെ (നന്മയുടെ) അധിപതിയായ യേശുവിലും, പരിശുദ്ധന്മാരിലുമുള്ള വിശ്വാസം കുഞ്ഞിനുവേണ്ടി ഏറ്റുപറഞ്ഞ് സ്വീകരിക്കുന്നു

2. മാമോദീസ - ഈഭാഗത്ത് വെള്ളംവാഴ്വിന്റെ ശുശ്രൂഷയാണ് പ്രധാനം. തണുത്തതും ചൂടുള്ളതുമായ വെള്ളം കൂട്ടിക്കലർത്തിയാണ് മാമോദീസക്ക് ഉപയോഗിക്കുന്നത്. ഇതിനുകാരണം കർത്താവ് സ്നാനമേറ്റതായ യോർദാൻ നദി തണുത്തതും ചൂടുള്ളതുമായ വെള്ളമുള്ള രണ്ട് തോടുകൾ കൂടിച്ചേർന്ന് ഒഴുകുന്നതാണ് എന്നതിനാലാണ്. വെള്ളം വാഴ്ത്തി വി. മൂറോൻ തൈലം അതിൽ ഒഴിച്ച് ത്രിത്വനാമത്തിൽ സ്ഥാനാർത്ഥിയെ മാമോദീസ മുക്കി തല തൊടുന്ന ആളെ ഏൽപ്പിക്കുന്നു.

3. വി. മൂറോനഭിഷേകം - വി. മാമോദീസ സ്വീകരിച്ച വ്യക്തിയുടെ നെറ്റിയിൽ ത്രിത്വനാമത്തിൽ വി. മൂറോനാൽ കാർമ്മികൻ സ്ലീബ അടയാളം വരയ്ക്കുന്നു. ഈ ജീവമുദ്ര പ്രാപിക്കുന്ന ആൾ ദൈവത്തിന്റെ വകയാണ് എന്ന സന്ദേശമാണ് ഇതുവഴി നൽകുന്നത്. അന്ധകാരശക്തികൾ ഈ മുദ്ര കണ്ട് ഓടിപ്പോകും. ഈ ജീവ മുദ്ര മറയപ്പെടാതിരിക്കാനാണ് ആ സ്ഥാനത്ത് (നെറ്റിയിൽ) പൊട്ടുതൊടരുത് എന്ന് പറയുന്നത്.

## ചുരുക്കത്തിൽ

വി. മാമോദീസ ആകുന്ന കൂദാശയിൽ കൂടി നാലു കാര്യങ്ങൾ ഒരു വിശ്വാസിക്കു ലഭിക്കുന്നു.

1. **മാമോദീസയാൽ വീണ്ടും ജനനം ലഭിക്കുന്നു.**
2. **മാമോദീസയാൽ പാപ പരിഹാരം ഉണ്ടാകുന്നു.**
3. **മാമോദീസയാൽ കർത്താവിന്റെ ശരീരമായ സഭയോട് ചേർക്കപ്പെടുന്നു.**
4. **വി. മാമോദീസയാൽ പരിശുദ്ധാത്മാവ് ആളത്വമായി സ്നാനമേറ്റതായ വ്യക്തിയിൽ പ്രവേശിക്കുന്നു.**

വീണ്ടും ജനനം എന്നത് പുനർജനനം എന്ന് അർത്ഥമാകുന്നു. ആദാം പാപം ചെയ്തതോടുകൂടി മുമ്പുണ്ടായിരുന്ന നഷ്ടപ്പെട്ട ജീവൻ മാമോദീസ (ക്രിസ്തുവിലുള്ള വീണ്ടും ജനനം) യിലൂടെ വീണ്ടെടുക്കുന്നു.

# സഭാംഗങ്ങൾ ചെയ്യേണ്ടത്

**സഭാവിശ്വാസികളേ,**

നിങ്ങളെ ക്രിസ്തുവിലേക്ക് നയിച്ചവരെയും അവരുടെ അവസാന നാളുകളും ഓർത്തുകൊള്ളുക. ആദ്യ വിശ്വാസം അവസാനത്തോളം മുറുകെപിടിച്ചുകൊണ്ടാൽ നാം ക്രിസ്തുവിൽ പങ്കാളികളായിത്തീർന്നിരിക്കുന്നുവല്ലോ (എബ്രാ 3:14). ക്രിസ്തുവിന്റെ കൃപയാൽ നിങ്ങളെ വിളിച്ചവനെവിട്ടു നിങ്ങൾ ഇത്രവേഗത്തിൽ വേറൊരു സുവിശേഷത്തിലേക്ക് മറിയുന്നതുകൊണ്ട് ഞാൻ ആശ്ചര്യപ്പെടുന്നു. അതു വേറൊരു സുവിശേഷം എന്നല്ല, ചിലർ നിങ്ങളെ കലക്കി ക്രിസ്തുവിന്റെ സുവിശേഷം മറിച്ചുകളവാൻ ഇച്ഛിക്കുന്നു എന്നത്രേ. എന്നാൽ ഞങ്ങൾ ആകട്ടെ സ്വർഗ്ഗത്തിൽ നിന്നും ഒരു ദൂതനാകട്ടെ നിങ്ങളോടു സുവിശേഷം അറിയിച്ചാൽ അവൻ ശപിക്കപ്പെട്ടവൻ(ഗലാ.1:6-9). ഞങ്ങൾ മുമ്പു പറഞ്ഞതുപോലെ ഞാൻ ഇപ്പോൾ പിന്നെയും പറയുന്നു നിങ്ങൾ കൈക്കൊണ്ട സുവിശേഷത്തിനു വിപരീതമായി ആരെങ്കിലും നിങ്ങളോടു സുവിശേഷം അറിയിച്ചാൽ അവൻ ശപിക്കപ്പെട്ടവൻ. അതുപോലെ വേറെ വിശ്വാസത്തിൽ പോകുന്നവരുടെ ഇടയിൽ കണ്ടുവരുന്ന ഒരു കാര്യം. കള്ളത്തരം പറഞ്ഞുകൊണ്ട് കൂടുതലും സ്ത്രീകളെയാണ് ഇവർ വഴിതെറ്റിക്കുന്നത്. ആദാം അല്ല, സ്ത്രീ അത്രെ വഞ്ചിക്കപ്പെട്ടു ലംഘനത്തിൽ അകപ്പെട്ടത് (1 തിമോ, 2:14). ഇനി സഹോദരൻമാരെ നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ പ്രത്യക്ഷതയും അവന്റെ അടുക്കലുള്ള നമ്മുടെ സമാഗമനവും സംബന്ധിച്ച് ഞങ്ങൾ നിങ്ങളോട് അപേക്ഷിക്കുന്നത്: കർത്താവിന്റെ നാൾ അടുത്തിരിക്കുന്നു എന്നുവച്ച് നിങ്ങൾ വല്ല ആത്മാവിനാലോ, വചനത്താലോ ഞങ്ങൾ എഴുതി എന്ന ഭാവത്തിലുള്ള ലേഖനത്താലോ സുബോധംവിട്ടു വേഗത്തിൽ ഇളകുകയും ഞെട്ടിപ്പോകയുമരുത്. ആരും ഏതു വിധേനയും നിങ്ങളെ ചതിക്കരുത് (തെസ്സ 2:1-3). നമ്മൾ നമ്മുടെ സഭയുടെ നിയമങ്ങൾ പാലിക്കണം. തോന്നിയതുപോലെ പതിവുകൾ തെറ്റിക്കരുത്. ഈ പതിവുകളെക്കുറിച്ച് പൗലോസ് ശ്ലീഹാ പറഞ്ഞിരിക്കുന്നത് (1 കൊരി 11:16) 'ഒരുത്തൻ തർക്കിപ്പാൻ ഭാവിച്ചാൽ അങ്ങനെയുള്ള മര്യാദ ഞങ്ങൾക്കില്ല ദൈവസഭകൾക്കുമില്ല എന്ന് ഓർക്കട്ടെ' എന്നാണ്. ആയതിനാൽ സഭാവിശ്വാസികളേ നമ്മുടെ സഭയിൽ ഉറച്ചുനിന്നുകൊണ്ട് പ്രാർത്ഥിക്കുക. മനസ്സും ഹൃദയവും സമർപ്പിച്ച് അവരോർക്കുവേണ്ടിയും, മറ്റുള്ളവർക്കുവേണ്ടിയും പ്രാർത്ഥിക്കുകയും, അനുഗ്രഹം പ്രാപിക്കുകയും, ആരാധനയിൽ പങ്കെടുക്കുകയും ചെയ്യുക.

**ജോർജ്ജ് നിക്സൻ, താച്ചയിൽ**

*(വികാരിയുടെ കത്ത് തുടർച്ച...)*

വി. മത്തായിയുടെ സുവിശേഷത്തിലും ഈ കാര്യം വ്യക്തമാക്കുന്നുണ്ട്. (മത്താ 2). ഇവിടെ, യേശു ജനിച്ചു എന്നുള്ള വസ്തുത കിഴക്കുനിന്നുള്ള വിദ്വാൻമാർ മനസ്സിലാക്കി. യഹൂദന്മാരുടെ രാജാവായി പിറന്ന യേശുവിനെ കാണാൻ അവർ യാത്രതിരിച്ചു. അവർക്ക് വഴികാട്ടിയായത് കിഴക്കു കണ്ട പ്രത്യേക നക്ഷത്രമാണ്. യേശുക്കുഞ്ഞു കിടന്നിരുന്ന സ്ഥലംവരെ നക്ഷത്രം അവർക്കു മുമ്പായി പൊയ്ക്കൊണ്ടിരുന്നു. നക്ഷത്രം കണ്ടതുകൊണ്ട് അവർ അത്യന്തം സന്തോഷിച്ചു (മത്താ 2:9). നക്ഷത്രം നിന്നിടത്ത് യേശു ഉണ്ടായിരുന്നു. ഇന്ന് നക്ഷത്രം എവിടെയെല്ലാം തൂക്കിയിട്ടുണ്ട്. വീട്ടിൽ നക്ഷത്രം, കടകമ്പോളങ്ങളിൽ നക്ഷത്രം, ഹോട്ടലിൽ നക്ഷത്രം, മദ്യശാലകളിൽ നക്ഷത്രം, സിനിമാശാലയിലും നക്ഷത്രം. പ്രിയമുള്ളവരേ, നക്ഷത്രത്തിനു താഴെ യേശു ഉണ്ടോ. നമ്മുടെ വീട്ടിൽ യേശു ഉണ്ടോ. നാമാകുന്ന വൈക്കോൽ കുറുമ്പിൽ യേശു ഉണ്ടോ. ക്രിസ്ത്യാനിക്കുവേണ്ടി മാത്രമല്ല യേശു ജനിച്ചത്. സർവ്വജനത്തിനും വേണ്ടിയാണ് യേശു ജനിച്ചത്. സകല മനുഷ്യരെയും രക്ഷിപ്പാനാണ് യേശു ജനിച്ചത്. ഈ ക്രിസ്തുമസ് വേളയിൽ നമുക്കു യേശുവിനെ നമ്മുടെ ഹൃദയത്തിൽ വിശുദ്ധീകരിക്കാം. നമുക്ക് അതിനായി ഒരുങ്ങാം. എല്ലാവിധ ക്രിസ്തുമസ് ആശംസകളും പുതുവത്സരാശംസകളും നേർന്നുകൊണ്ട് നിർത്തട്ടെ. പ്രാർത്ഥനയോടെ,

**ഇടമ്പാടത്തച്ചൻ**